**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334 — 23.08.2017 -ൽ മറുപടിക്ക്

# വടക്കൻ കേരളത്തിൽ നദീതട ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) രാജ്യാന്തര യാത്രാ പ്രസിദ്ധീകരണമായ ലോൺലി പ്ലാനറ്റിൽ, ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് സ്ഥലങ്ങളിലൊന്നായി ഉൾപ്പെടുത്തിയ വടക്കൻ കേരളത്തിന്റെ മനോഹാരിതയും പ്രത്യേകതകളും പ്രചരിപ്പിക്കുന്നതിന് പുത്തൻ പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചിയ്ക്കുമോ; | എ) അമേരിക്കൻ ട്രാവൽ ഗൈഡായ ലോൺലി പ്ലാനറ്റ് ഏഷ്യയിൽ നിശ്ചയമായും കണ്ടിരിക്കേണ്ട 10 സ്ഥലങ്ങളിൽ മൂന്നാമത്തെ സ്ഥലമായി തെരഞ്ഞെടുത്തത് മലബാറിനെയാണ്. സിംഗപ്പൂരിനെയും, മലേഷ്യയെയും പിന്തള്ളിയാണ് മലബാറിന് ഈ നേട്ടം കൈവരിക്കാനായത്. മലബാറിന്റെ അനന്തമായ ടൂറിസം സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടും, കണ്ണൂർ വിമാനത്താവളം പ്രവർത്തനമാരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന വൻ ടൂറിസ്റ്റ് വരവിനെ ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടുമുള്ള പദ്ധതികളുമായാണ് ഈ സർക്കാർ തുടക്കം മുതൽതന്നെ മുന്നോട്ട് പോകുന്നത്. ഇതിനകം തന്നെ മലബാറിൽ 150 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മലബാറിന്റെ പ്രകൃതി ഭംഗിയും നാടൻകലകളും ജീവിതരീതിയും ഭക്ഷണ രീതിയും ആയോധനകലകളും എല്ലാം സമന്വയിപ്പിച്ച് കൊണ്ടുള്ള തീമാറ്റിക് സർക്യൂട്ടായ മലബാർ-മലനാട്-നദീതട-ക്രൂയിസം-സർക്യൂട്ട് പദ്ധതിയ്ക്കായി 320 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും കേന്ദ്ര സഹായത്തിനായി സമർപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഘടകങ്ങളിൽ ചിലതിന് ഇതിനകം തന്നെ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. കേന്ദ്ര സഹായം ലഭിക്കുന്നതിന് കാത്തിരിക്കാതെ പരമാവധി തുക സംസ്ഥാന സർക്കാർ ഇതിനായി ചിലവഴിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ അടുത്ത നാല് വർഷം ലക്ഷ്യമിടുന്ന വർദ്ധനവും തൊഴിൽ അവസരങ്ങളും യാഥാർത്ഥ്യമാകണമെങ്കിൽ മലബാറിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. |

ബി) ഏതൊക്കെ മേഖലകളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

ബി) വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. വടക്കൻ കേരളത്തിലെ ടൂറിസം വിപണനം ലക്ഷ്യമിട്ട് ഇതര സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും റോഡ് ഷോകളും സംഘടിപ്പിക്കുന്നു. ടൂറിസം ട്രേഡ് ഫെയറുകളിലും വടക്കൻ കേരള വിനോദസഞ്ചാരം ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് പങ്കെടുത്ത് വരുന്നു.

സി) വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടുത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിന് നദീതട ടൂറിസം പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ?

സി) വടക്കൻ കേരളത്തിലെ ജലാശയങ്ങളും, അവിടത്തെ കലാരൂപങ്ങളും, പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. കണ്ണൂർ ജില്ലയിൽ കൂടി ഒഴുകുന്ന വളപട്ടണം, കുപ്പം, പെരുമ്പ, അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി പുഴകളും, കാസറഗോഡ് ജില്ലയിലെ നീലേശ്വരം, കാര്യംകോട്, വലിയ ചന്ദ്രഗിരിപ്പുഴ മുതലായ ജലാശയങ്ങളും, തീരപ്രദേശങ്ങളും സമീപപ്രദേശങ്ങളുടെയും പ്രാധാന്യവും ചരിത്രപരമായ വസ്തുതകളും, പ്രസ്തുത ഗ്രാമങ്ങളിലെ തനതുകലാരൂപങ്ങളും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി കാസറഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും, കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം-പ്രോജക്റ്റ് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.